# INDIAN SCHOOL , SALALAH

## FINAL EXAMINATION- 2018-19

## MALAYALAM ( SECOND LANGUAGE )

**CLASS – 7** **MAX. MARKS – 80**

**TOTAL PAGES - 5** **TIME - 21/2 HRS**

---

**PART – A / എ - വിഭാഗം**

I **താഴെത്തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

പെലെ എന്ന കൊച്ചുപേരിൽ അറിയപ്പെടുന്ന ഫുട്ബോൾ കളി ക്കാരൻറെ പൂർണ്ണനാമധേയം അരാൻറസ്ഡോ നാസിമെൻറോ എന്നാണ്. തെക്കേ അമേരിക്കയിലെ ബ്രസീൽ ആണ് പെലെയുടെ ജൻമം കൊണ്ട് ധന്യമായ രാജ്യം. ദേശീയ യശ:സ്തംഭം എന്ന സ്ഥാനം നൽകി ആ രാജ്യ ക്കാർ അഭിമാനഭാജനമായ പെലെയെ ബഹുമാനിച്ചിരിക്കുന്നു. ഫുട്ബോ ളിൽ 1958 - ലും, 1962 - ലും ബ്രസീൽ ലോകകപ്പു കരസ്ഥമാക്കിയതിനു പ്രധാന കാരണക്കാരൻ പെലെ ആയിരുന്നു. എന്നാൽ നാലു വർഷം കഴിഞ്ഞ് ലണ്ടനിൽ വച്ചു നടന്ന ലോകകപ്പു മത്സരത്തിൻറെ ആദ്യ റൌണ്ടിൽത്തന്നെ പെലെയ്ക്കു പരിക്കു പറ്റിയതു നിമിത്തം ബ്രസീൽ സെമിഫൈനൽസിൽ പോലും എത്തിയില്ല. തൻറെ നേരെ കരുതിക്കൂട്ടി ആക്രമണം നടത്തിയവരുടെ നടപടികളിൽ പ്രതിഷേധിച്ച് മേലാൽ ലോക കപ്പു മത്സരങ്ങളിൽ പങ്കെടുക്കുന്നതല്ലെന്ന് അന്ന് പെലെ പ്രഖ്യാപിച്ചു. ആ തീരുമാനം അദ്ദേഹം മാറ്റിയത് ആരാധകൻമാരുടെയും ഗവൺമെ ൻറിൻറേയും നിരന്തരമായ പ്രേരണ കൊണ്ടുമാത്രമാണ്. പെലെയുടെ

( P T O )

കാലുകൾക്കുണ്ടായിരുന്ന മാന്ത്രികശക്തി നഷ്ടപ്പെട്ടു കഴിഞ്ഞെന്നും യൂ. ബാബിയോ എന്ന പുതിയൊരു ഫുട്ബോൾ താരം പെലെയുടെ സ്ഥാനം കരസ്ഥമാക്കിയെന്നും ഒരു അപവാദം അക്കാലത്തു പ്രചരിക്കുകയുണ്ടായി. എന്നാൽ 1969- ൽ ആയിരം ഗോളുകൾ അദ്ദേഹം പൂർത്തിയാക്കി.

**ചോദ്യങ്ങൾ** **5**

1. എന്താണ് പെലെയുടെ പൂർണ്ണനാമധേയം ?
2. പെലെ ജനിച്ചത് എവിടെയാണ് ?
3. ലണ്ടനിൽ വെച്ചു നടന്ന ലോകകപ്പു മത്സരത്തിൽ ബ്രസീൽ സെമി ഫൈനലിൽ എത്താഞ്ഞതിനു കാരണമെന്ത് ?
4. പെലെ ലോകകപ്പു മത്സരങ്ങളിൽ പങ്കെടുക്കുന്നില്ലെന്ന് പ്രഖ്യാപിക്കാൻ കാരണമെന്ത് ?
5. അക്കാലത്തു പെലെയെക്കുറിച്ച് പ്രചരിച്ചിരുന്ന അപവാദം എന്തായിരുന്നു ?

**II എതെങ്കിലും ഒരു വിഷയത്തെക്കുറിച്ചെഴുതുക** **5**

**വിനോദയാത്രയുടെ പ്രാധാന്യം**

OR

**ഇഷ്ടപ്പെട്ട വിനോദം**

**PART B / ബി - വിഭാഗം**

**I അർത്ഥം എഴുതുക** **5**

1. വിശിഷ്ടം 2. ശതം 3. ഈർപ്പം 4. പഴിചാരുക 5. ശകാരം
6. പുരുഷാരം 7. സുലഭം 8. ആമഗനൻ 9. തിരുമൊഴി 10 ചൊല്ലുക

**( P T O )**

II പര്യായം എഴുതുക 10

1. ചെവി 2. മഞ്ഞ് 3. കൊതുക് 4. രോഗം 5. കരച്ചിൽ

6. ചിറക് 7. പർവ്വതം 8. മകൾ 9. ഉപ്പ് 10. വൃദ്ധൻ

III വിപരീതം എഴുതുക 5

1. ശത്രു 2. സ്വദേശി 3. ഭക്തി 4. പുതിയ 5. ഇടുങ്ങിയ

6. വിദൂരം 7. കൃതജ്ഞത 8. പാപി 9. മണ്ണ് 10. രക്ഷ .

IV പിരിച്ചെഴുതുക 10

1. കറയറ്റ 2. പ്രതീകമായി 3. നെന്മണി 4. മാരകായുധം

5. പറയുന്നതല്ല 6. അത്യുന്നതം 7. കയറിപ്പറ്റി 8. മരത്തിൽ

9. നിറഞ്ഞൊഴുകുക 10. ഈശ്വരനാണ്

V വിഗ്രഹിക്കുക 10

1. കൈകാലുകൾ 2. നെൽപ്പാടം 3. വിഷാദമഗ്നൻ 4. തേനീച്ച

5. ദൈവദൂതൻ 6. പഠനാന്തരീക്ഷം 7. ആശുപത്രിവരാന്ത

8. മഹാകവി 9. ജനദ്രോഹി 10. ആൾക്കൂട്ടം

VI നാനാർത്ഥം എഴുതുക 5

1. അംബരം 2. കോടി 3. കരം 4. ശാന്തി 5. ആശ

VII അർഥവ്യത്യാസം എഴുതുക 5

1. താര് - താരം 2. കവി - കപി 3. പ്രസാദം - പ്രാസാദം

4. ശാഖ - ശാഖി 5. ചോല - ചേല

## PART - C / സി- വിഭാഗം

I ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 4

1. എവിടെത്തിരിഞ്ഞു നോക്കിയാലും എന്താണ് കാണുന്നത് ?

( പൂത്ത മരങ്ങൾ, വയലുകൾ, നെൽപ്പാടം , താമരപ്പൊയ്ക )

2 'ശ്രീകൃഷ്ണവിലാസം' എന്ന കാവ്യം എഴുതിയതാര് ?

( കാളിദാസൻ , ചെറുശ്ശേരി , സുകുമാരൻ , എഴുത്തച്ഛൻ )

3 ആൺകൊതുകിൻറെ ഭക്ഷണം എന്ത് ?

( രക്തം , പൂന്തേൻ , വെള്ളം , ഉമിനീർ )

4 ടാഗോറിൻറെ ഏതു കൃതിക്കാണ് നോബൽ സമ്മാനം ലഭിച്ചത് ?

( കാബൂളിവാല , മാനസി , അതിഥി , ഗീതാഞ്ജലി )

5 "ഇവരുടെ നല്ല പ്രവർത്തികൾ പ്രായമായവർ അല്പമൊന്ന് ശ്രദ്ധി ച്ചിരുന്നെങ്കിൽ" - ആരുടെ വാക്കുകളാണ് ഇത് ?

( അമ്മ , രാമൻകുട്ടി നായർ , തമ്പി , സുരേന്ദ്രൻ )

6 "ചങ്ങാലിപ്രാവ്"- എന്ന കവിത എഴുതിയതാര് ?

( ചങ്ങമ്പുഴ , വൈലോപ്പിള്ളി , വള്ളത്തോൾ , ഉള്ളൂർ )

7 സക്കേവൂസ് ആരായിരുന്നു ?

( പാറാവുകാരൻ , തൊഴിലാളി , ചുങ്കക്കാരൻ , കുരുടൻ )

8 "ഗുരുദേവ്" എന്ന് ജനങ്ങൾ വിളിച്ചിരുന്നതാരെ ?

( ടാഗോറിനെ , ഗാന്ധിജിയെ , നെഹ്റുവിനെ , യേശുദേവനെ )

**III ഉത്തരം എഴുതുക** **6X2=12**

1 സക്കേവൂസ് മരത്തിൻറെ മുകളിൽ കയറിപ്പറ്റിയതെന്തിന് ?

2 ബെന്നി സ്നേഹിതനുവേണ്ടി ചെയ്ത ത്യാഗം എന്തായിരുന്നു ?

3 ഗുരുകുലവിദ്യാഭ്യാസത്തിൻറെ പാഠ്യപദ്ധതിയിൽ എന്തെല്ലാം ഉൾപ്പെട്ടിരുന്നു ?

4 പയർ എന്തു ചെയ്തെന്നാണ് ചങ്ങാലിപ്രാവ് സംശയിച്ചത് ? കാരണമെന്ത് ?

**( P T O )**

5 കൊതുകുതിരികൾ കൊതുകുകളെ ചെറുക്കുന്നതെങ്ങനെ ?

6 എന്തായിരുന്നു സുകുമാരൻറെ ഉദ്ദേശ്യം? അതിനു കാരണമെന്തായിരുന്നു?

**III പദ്യം പൂരിപ്പിക്കുക** **4**

ചെറുപുള്ളിച്ചിറകുള്ള ചങ്ങാലിപ്രാവേ നീ -----------------

----------------------------------------------------------------- കണ്ടതുള്ളൂ.

================+++++++++++++++++++++================